# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3905      20-07-2015 -ൽ മറുപടിക്ക്

## വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി പ്രവർത്തിപൂർത്തീകരണ കാലാവധി സംബന്ധിച്ച പുതിയ ഉത്തരവ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പി.തിലോത്തമൻ** | | **ശ്രീ.അടൂർ പ്രകാശ്**<br>**(റവന്യൂവും കയറും വകുപ്പ മന്ത്രി)** |
| എ) | 31/03/2015-ന മുമ്പ് പ്രവൃത്തി ആരംഭിക്കാത്ത വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി പ്രവർത്തികൾ റദ്ദാക്കുന്നതിന് ഉത്തരവിറക്കിയിട്ടുണ്ടോ, ഉണ്ടെങ്കിൽ അത് എന്നാണിറക്കിയിരിക്കുന്നത് എന്ന് പറയാമോ? | എ) | 03.06.2015 തീയതിയിലെ 5054/K1/15/DMD നമ്പർ സർക്കാർ കത്ത് പ്രകാരമാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. |
| ബി) | ഇപ്രകാരം ഉത്തരവിറക്കിയപ്പോൾ ഏപ്രിൽ ഒന്നുമുതൽ ഉത്തരവിറക്കിയ തീയതിവരെയുള്ള കാലയളവിൽ ജോലി ആരംഭിച്ച കേസുകളിൽ എന്തു നടപടി സ്വീകരിക്കണമെന്ന് വ്യക്തമാക്കുന്നുണ്ടോ, ഇത്തരം കേസുകളിൽ എന്താണ് ചെയ്യേണ്ടതെന്നും ജോലി ആരംഭിച്ച കേസുകളിൽ അതുവരെയുണ്ടായ ചെലവുകൾ സർക്കാർ നൽകുമോ എന്നും വ്യക്തമാക്കുമോ? | ബി) | 31.03.2015-ന മുമ്പായി പൂർത്തിയാക്കാനാവാത്ത പ്രവൃത്തികളുമായി മുന്നോട്ടു പോകേണ്ടതില്ലെന്ന് 13.02.2015-ൽ തന്നെ നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നു. 31.03.2015-ന മുമ്പ് പ്രവൃത്തി ആരംഭിക്കാത്ത പ്രവൃത്തികൾ 2015 ഏപ്രിൽ ഒന്നു മുതൽ ആരംഭിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നില്ല. |
| സി) | വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി പ്രവൃത്തികൾ ചെയ്തു തീർക്കേണ്ട തീയതികളെ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം മുൻകൂറായി നൽകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | സി) | വ്യക്തമായ നിർദ്ദേശം 13.02.2015-ൽ തന്നെ നൽകിയിരുന്നു. |
| ഡി) | വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി പ്രവൃത്തികൾക്ക് ആവശ്യമായ നിർമ്മാണ സാമഗ്രികൾ ലഭിക്കുന്നതിനുതന്നെ ഒട്ടേറെ ബുദ്ധിമുട്ടുകൾ നേരിടുകയും ജോലി ആരംഭിക്കുന്നതിന് കാലതാമസം വരുകയും ചെയ്യുന്ന സാഹചര്യത്തിൽ ഇത്തരത്തിൽ ആരംഭിച്ച ജോലികൾക്കു പോലും ചെയ്തുതീർക്കാനുള്ള സമയം നൽകാത്തതരത്തിൽ ഇത്തരത്തിൽ ഉത്തരവിറക്കുന്നതിന്റെ ഉദ്ദേശമെന്താണെന്ന് വ്യക്തമാക്കാമോ; | ഡി) | കാലവർഷക്കെടുതി മൂലം ഗതാഗത യോഗ്യമല്ലാതായി തീർന്ന റോഡുകളുടെ അടിയന്തിര പുനരുദ്ധാരണം നടത്തുന്നതിനുള്ള മാനദണ്ഡങ്ങൾ 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത പ്രകാരമായിരുന്നു. പതിമൂന്നാം ധനകാര്യ കമ്മീഷന്റെ കാലാവധി 31.03.2015-ന് അവസാനിച്ചതിനാലാണ് 2015 മാർച്ച് 31-ന മുമ്പായി ആരംഭിക്കാത്ത പ്രവൃത്തികളുടെ ഭരണാനുമതി റദ്ദു ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചത്. എന്നാൽ 31.03.2015-ന മുമ്പ് ആരംഭിച്ച |

| | | | |
|---|---|---|---|
| | | | പ്രവൃത്തികൾ ഭരണാനുമതി ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള സമയപരിധി വരെ പൂർത്തീകരണ കാലാവധി പുന: സ്ഥാപിച്ച് നൽകിയിട്ടുണ്ട്. |
| ഇ) | നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവും കാലാവസ്ഥാ പ്രശ്നങ്ങൾ മൂലമുള്ള തടസ്സങ്ങളും മൂലം വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി പ്രവർത്തികൾ ആരംഭിക്കുന്നതിനും പൂർത്തീകരിക്കുന്നതിനും കാലതാമസം നേരിടും എന്ന് വ്യക്തമാകുന്ന സാഹചര്യത്തിൽ ഇത്തരത്തിലുള്ള പ്രവൃത്തികൾ ആരംഭിക്കുന്നതിനും പൂർത്തീകരണത്തിനും കാലയളവ് ദീർഘിപ്പിച്ച് ഉത്തരവുണ്ടാകുമോ? | | പതിമൂന്നാം ധനകാര്യ കമ്മീഷന്റെ കാലാവധി 31.03.2015-ന് അവസാനിച്ച സാഹചര്യത്തിൽ പ്രസ്തുത ഫണ്ടുപയോഗിച്ച് പുതിയ പ്രവൃത്തികൾ നടപ്പിൽ വരുത്തുവാൻ കഴിയാത്തതിനാലാണ്, 2015 മാർച്ച് 31-ന് മുമ്പായി ആരംഭിക്കാത്ത പ്രവർത്തിയുടെ ഭരണാനുമതി റദ്ദ് ചെയ്തത് കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചത്, ആയതിനാൽ കാലപരിധി ദീർഘിപ്പിക്കാനും നിർവാഹമില്ല. |

സെക്ഷൻ ഓഫീസർ